

ശൈഖ് മുഹമ്മദ് കാരകുന്ന്

# മുഹമ്മദ് ഫാതിഹ് എന്ന വിമോചകൻ

"നീയാണ് കോൺസ്റ്റാന്റിനോപ്പിൾ മോചിപ്പിക്കുക. നിന്നെ കുറിച്ചാണ് ഏട്ടര നൂറ്റാണ്ട് മുമ്പ് പ്രവാചകൻ പറഞ്ഞത്: കോൺസ്റ്റാന്റിനോപ്പിൾ മോചിപ്പിക്കപ്പെടുക തന്നെ ചെയ്യും. അങ്ങനെ ചെയ്യുന്നവൻ അനുഗൃഹീതനാണ്. അത് സാധിക്കുന്ന സൈന്യവും അനുഗൃഹീതം."

കോൺസ്റ്റാന്റിനോപ്പിൾ റോമക്കാരിൽ നിന്ന് മോചിപ്പിച്ച മുഹമ്മദുൽ ഫാതിഹിനോട് അദ്ദേഹത്തിന്റെ അധ്യാപകൻ അഹമ്മദുൽ ഖുറാനി നിരന്തരം പറഞ്ഞുകൊണ്ടിരുന്നു.

ഉസ്മാനിയാ ഖിലാഫത്തിലെ ഏഴാമത്തെ ഭരണാധികാരിയാണ് മുഹമ്മദ് രണ്ടാമനെന്നുകൂടി അറിയപ്പെടുന്ന മുഹമ്മദുൽ ഫാതിഹ്. ചെറുപ്രായത്തിൽ കുഴിമടിയനായിരുന്നു. വായിക്കാനും പഠിക്കാനും തീരേ താൽപര്യം കാണിച്ചിരുന്നില്ല. പിതാവ് മുറാദ് രണ്ടാമനുൾപ്പെടെ ആരെയും അനുസരിക്കുമായിരുന്നില്ല. പല അധ്യാപകരെയും ചുമതലപ്പെടുത്തിയെങ്കിലും അ

വരൊക്കെയും മുഹമ്മദിന്റെ മുമ്പിൽ പരാജയപ്പെടുകയായിരുന്നു. അവസാനം പിതാവ് മുറാദ് രണ്ടാമൻ മകനെ അഹമ്മദുൽ ഖുറാനിയെ ഏൽപ്പിക്കുകയായിരുന്നു.

അദ്ദേഹം മുഹമ്മദിൽ വലിയ പ്രതീക്ഷ വളർത്തി. വലിയ നേതാവും ഭരണാധികാരിയുമാകുമെന്ന പ്രത്യാശയുണർത്തി. കോൺസ്റ്റാന്റിനോപ്പിൾ മോചിപ്പിക്കുന്നവൻ താനായിരിക്കുമെന്ന ബോധം വളർത്തി.

അതോടെ മുഹമ്മദ് പഠനത്തിലും പരിശീലനത്തിലും മുഴുകി. കിട്ടുന്ന സമയമൊക്കെയും പൂർണമായും പ്രയോജനപ്പെടുത്തി. അതോടെ എല്ലാ മേഖലകളിലും കിടയറ്റ കഴിവും യോഗ്യതയും നേടി.

മുഹമ്മദിന്റെ മുൻഗാമികളായ ഉസ്മാനിയാ ഭരണാധികാരികൾ കോൺസ്റ്റാന്റിനോപ്പിൾ മോചിപ്പിക്കാൻ പലതവണ ശ്രമിച്ചിരുന്നു. അപ്പോഴൊക്കെയും അവർ പരാജയപ്പെടുകയായിരുന്നു. എന്നാൽ മുഹമ്മദ് രണ്ടാമന് കോൺസ്റ്റാന്റിനോപ്പിൾ അധീനപ്പെടുത്താൻ അനായാസം സാധിച്ചു. അതും കേവലം ഇരുപത്തിരണ്ടാം വയസ്സിൽ. അത്യസാധാരണമായ ധൈര്യവും ആത്മവിശ്വാസവും നേതൃയോഗ്യതയും ആസൂത്രണ കഴിവുമാണിതിനു സഹായകമായത്.

1453 മെയ് 29-നായിരുന്നു ഇത്. അതോടെ പതിന്നൊരാ നൂറ്റാണ്ടു കാലം നിലനിന്നുപോന്ന റോമക്കാരുടെ ബൈസാന്റിയൻ സാമ്രാജ്യം ചരിത്രത്തിന്റെ ഭാഗമായി.

ബൈസാന്റിയൻ പ്രധാനമന്ത്രി തന്നെ മുഹമ്മദുൽ ഫാതിഹിനെ സ്വാഗതം ചെയ്യുകയാണുണ്ടായത്. "പോപ്പിന്റെ കിരീടത്തെക്കാളും കർദിനാളിന്റെ തൊപ്പിയെക്കാളും മുഹമ്മദിന്റെ തലപ്പാവാണ് ഞാനിഷ്ടപ്പെടുന്നത്." എന്ന അദ്ദേഹത്തിന്റെ വാക്കുകൾ പ്രശസ്ത ചരിത്രകാരനായ ഗിബ്ബൺ തന്റെ 'റോമൻ സാമ്രാജ്യത്തിന്റെ പതനമെന്ന' പുസ്തകത്തിൽ ഉദ്ധരിക്കുന്നുണ്ട്.

കോൺസ്റ്റാന്റിനോപ്പിൾ മോചിപ്പിച്ചതോടെയാണ് മുഹമ്മദ് രണ്ടാമൻ ജേതാവ് എന്നർത്ഥമുള്ള 'ഫാതിഹ്' എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്. അദ്ദേഹം തന്റെ രാഷ്ട്രത്തിന്റെ ആസ്ഥാനം അവിടേക്ക് മാറ്റി. അതിന് ഇസ്‌ലാമിക ആസ്ഥാനം എന്നർഥം വരുന്ന ഇസ്താംബൂൾ എന്ന പേരു നൽകുകയും ചെയ്തു.

അതാണ് ഇപ്പോഴത്തെ തുർക്കിയിലെ ഇസ്താംബൂൾ. വിവിധ മതസമൂഹങ്ങളോട് അത്യുദാര സമീപനം സ്വീകരിക്കുകയും സമ്പൂർണ മതസ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്ത മുഹമ്മദുൽ ഫാതിഹ് മുപ്പത് വർഷത്തെ മാതൃകാപരമായ ഭരണത്തിന് ശേഷം 1481 മെയ് മൂന്നിന് 52-ാമത്തെ വയസ്സിൽ മരണമടഞ്ഞു.

മുഹമ്മദുൽ ഫാതിഹിന്റെ ഈ നേട്ടങ്ങൾക്ക് വഴിയൊരുക്കിയത് അദ്ദേഹത്തിന്റെ അധ്യാപകൻ അഹമ്മദ് ഖുറാനി ചെറുപ്രായത്തിൽ വളർത്തിയ പ്രതീക്ഷയും പ്രത്യാശയും ആത്മവിശ്വാസവുമായിരുന്നു.

✦



ബ്രിട്ടന്റെ ദേശീയ പതാകയാണ് 'യൂണിയൻ ജാക്ക്'